# റഷ്യൻ പ്രസിഡന്റായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട പുടിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദനം അറിയിച്ചു

മാർച്ച് 20, 2024

റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ടെലിഫോൺ സംഭാഷണം നടത്തി.

റഷ്യൻ പ്രസിഡന്റായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടതിൽ പുടിനെ അനുമോദനം അറിച്ച പ്രധാനമന്ത്രി റഷ്യയിലെ ജനങ്ങളുടെ സമാധാനത്തിനും പുരോഗതിക്കും അഭിവൃദ്ധിക്കും ആശംസകൾ അറിയിച്ചു.

വരും വർഷങ്ങളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സവിശേഷ തന്ത്രപ്രധാന പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താനുള്ള യോജിച്ച പരിശ്രമത്തിന് ഇരു നേതാക്കളും സമ്മതിച്ചു.

വിവിധ വിഷയങ്ങളിലുള്ള ഉഭയകക്ഷി സഹകരണത്തിലെ പുരോഗതി ഇരുവരും വിലയിരുത്തുകയും ഇരു രാജ്യങ്ങൾക്കും താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളിലുള്ള കാഴ്ചപ്പാടുകൾ പങ്കുവയ്ക്കുകയും ചെയ്തു.

റഷ്യ-ഉക്രെയിൻ സംഘർഷത്തിൽ, സംഭാഷണത്തിലൂടെയും നയതന്ത്ര മാർഗ്ഗത്തിലൂടെയുമുള്ള പരിഹാരമെന്ന ഇന്ത്യയുടെ നിലപാട് പ്രധാനമന്ത്രി ആവർത്തിച്ചു വ്യക്തമാക്കി.

ആശയവിനിമയം തുടരുന്നതിന് ഇരു നേതാക്കളും സമ്മതിച്ചു.

**ന്യൂഡൽഹി**
**മാർച്ച് 20, 2024**